Subhash S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Email: art@art-artist.in
Ph: 8075303289

To,

5.1.2021

The Chief Minister
The Health Minister
The Director General of Police
The Home Secretary (Res. No.2 of Ref-9)
All The District Collectors (Res. No.3 to 16 of Ref-9)
All The District Supdt. of Police (Res. No. 17 to 30 of Ref-9)
The Chairman, Kerala State Pollution Control Board
The Chairman, Kerala State Human Rights Commission
The Secretary Environment Department
The Secretary Law Department

Sir,

Sub: Ref-15 ലെ കത്ത് പ്രകാരം Noise Pollution (Regulation and Control) Rules, 2000 നടപ്പാക്കാത്തത് സംബന്ധിച്ച്.

Ref:
1. E.ptn 8037/2019 dtd. 23.12.2019 to Hon. CM
2. E.ptn 4982/2018 dtd. 16.7.2018 to Hon. CM
3. Letter No. K11-110550/2018/PHQ dtd.29.9.2018
4. Environment Protection Act. 1986, Sec. 15 ( www.ail.art-artist.in Link-4 a)
5. Noise Pollution (Regulation and Control) Rules, 2000, Sec. 5, 6 ( www.ail.art-artist.in Link-4 b)
6. Supreme Court Judgment in CA No. 3735/2005 ( www.ail.art-artist.in Link-4 c)
7. Silence Zone Gazette Notification G.O (P) No. 64/2002 ( www.ail.art-artist.in Link-8)
8. PHQ Notification No. U6-30380/2002 ( www.ail.art-artist.in Link-9)
9. Indian Medical Association Report 2014 Sound & Noise Page-22, 23, 24 ( www.ail.art-artist.in Link-3a)
10. Kerala High Court Order W.A.No.235/1993 to implement NPR 2000 strictly without any Religious Discrimination ( www.ail.art-artist.in Link-12)
11. Kerala High Court Order WP(C) No.30711/2017(L) to remove all Horn Type Loudspeakers from Devaswom Temples ( www.ail.art-artist.in Link-18a, b)
12. Kerala State Human Rights Commission Order HRMP No.4746/2011 ( www.ail.art-artist.in Link-14)
13. W.A.No.235/1993 ലെ 30 കക്ഷികൾക്കും 21.8.2019 ന് അയച്ച പരാതി ( www.ail.art-artist.in Link-27)
14. No.A3/19/2020/Envt dtd.12.2.2020, “State Govt. has already taken action to implement Noise Rule in Kerala” എന്ന് പറഞ്ഞ് കബളിപ്പിക്കുന്ന കത്ത് ( www.ail.art-artist.in Link-31)
15. **No.F1/11/2020/Home dtd. 30.11.2020 (Attached)**

1. **Ref-15** പ്രകാരം Noise Pollution (Regulation and Control) Rules, 2000 നാളിതുവരെ നടപ്പാക്കിയിട്ടില്ല.

2. SHO മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് പറയുന്നതല്ലാതെ, SHO മാർ ആയത് നടപ്പാക്കിയോ എന്ന് ഉറപ്പാക്കാൻ മേലധികാരികൾ യാതൊരു തുടർ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

3. ആയതിനാൽ, അനാവശ്യമായ കാലതാമസം ഒഴിവാക്കി, Noise Pollution (Regulation and Control) Rules, 2000 നടപ്പാക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,



(Subhash S)

**File No.HOME-F1/11/2020-HOME**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ആഭ്യന്തര (എഫ്) വകുപ്പ്

നമ്പർ.എഫ്1/11/2020/ആഭ്യന്തരം

തിരുവനന്തപുരം
30/11/2020

അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ.സുഭാഷ്.എസ് (Ex-Air Force)
ഗാലറി, പൗണ്ട്കടവ്,
വലിയവേളി.പി.ഒ,
തിരുവനന്തപുരം-695 021.

സർ,

വിഷയം:- ആഭ്യന്തര വകുപ്പ്- NPR 2000 നടപ്പാക്കാത്തത്-സംബന്ധിച്ച്.

സൂചന:- താങ്കൾ 23-12-2019 ന് സമർപ്പിച്ച ഇ-പെറ്റീഷൻ.

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. റേഞ്ച് പോലീസ് മേധാവിമാരിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന അപേക്ഷയിലെ 1-10 വരെയുള്ള പിരിവുകൾക്ക് ചുവടെ ചേർക്കും പ്രകാരം മറുപടി നൽകുന്നു.

1-3) ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട പരാതികളിൽ പോലീസ് കർശന നടപടികൾ സ്വീകരിച്ചുവരുന്നു . മൈക്ക് സാങ്ഷന് അപേക്ഷ നൽകുന്ന അപേക്ഷകരോട് ആയത് സംബന്ധമായി കർശന നിർദ്ദേശം നൽകി വരുന്നതും, ടി നിർദ്ദേശങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽ പ്പെട്ടാൽ Noise Polution(Regulation and Control)Rules-ന് വിധേയമായി ആവശ്യമായ നിയമ നടപടി സ്വീകരിക്കുന്നതിന് എല്ലാ എസ്.എച്ച്.ഒ മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ശബ്ദമലിനീകരണം നടത്തുന്നവർക്കെതിരെ മത വ്യത്യാസമില്ലാതെ കർശന നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പോലീസ്, സർക്കാർ ഉത്തരവുകളും, കോടതി ഉത്തരവുകളും കൃത്യമായി പാലിച്ച് വരുന്നുണ്ട് . ആയതിൽ യാതൊരു വീഴ്ചയും വരുത്തുന്നില്ല.

4) ഗുരുവായൂർ ക്ഷേത്രത്തിൽ ഭക്തജനങ്ങളുടെ സഹായത്തിനായി അറിയിപ്പുകളും കാണാതെ പോകുന്നതും, കണ്ടുകിട്ടുന്നതുമായ വസ്തുക്കളെ സംബന്ധിച്ചും, കൂട്ടംതെറ്റി പോകുന്ന ഭക്തർക്ക് സഹായകരമായ അറിയിപ്പുകൾ നൽകുന്നതിനുമായി ആണ് ഉച്ചഭാഷിണിയിലൂടെ അറിയിപ്പ് നടത്തി വരുന്നത് . മറ്റ് നിയമലംഘനങ്ങൾ ഒന്നും തന്നെ നടക്കുന്നതായി

**File No.HOME-F1/11/2020-HOME**

ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ് .

5) ആരാധനാലയങ്ങളിലും പൊതുസ്ഥലങ്ങളിലും ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നത് സംബന്ധിച്ച് ബഹു.ഹൈക്കോടതിയുടെയും സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് വരുന്നതാണ്. പൊതുജനങ്ങൾക്ക് ശല്യമാകാത്ത തരത്തിലുള്ള ഉച്ചഭാഷിണികൾ സ്ഥാപിക്കുന്നതിന് എല്ലാ ആരാധനാലയങ്ങൾക്കും 149 Cr.PC പ്രകാരം നോട്ടീസ് നൽകി അനധികൃതമായി സ്ഥാപിച്ചിരുന്ന കോളാമ്പികളും മറ്റും നീക്കം ചെയ്തിട്ടുള്ളതും ഉച്ചഭാഷിണി അനുവദനീയമായ ശബ്ദത്തിൽ ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു .

6) ആരാധനാലയങ്ങൾ , ക്ലബ്ബുകൾ , സന്നദ്ധ സംഘടനകൾ എന്നിവ നടത്തി വരുന്ന പരിപാടികൾക്കായി രണ്ടു ബോക്സുകൾ മാത്രമേ പ്രവർത്തിക്കാവൂ എന്നും ശബ്ദ തീവ്രത ആവാസ മേഖലയിൽ 55 DB വരെയേ പാടുള്ളൂ എന്നും കർശന നിർദ്ദേശം നൽകിയാണ് അനുമതി നൽകി വരുന്നത്. രാത്രികാലങ്ങളിലെ ഉത്സവ വേളകളിൽ പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുള്ളതുമാണ്.

7) പരാതിക്കാരുടെ വിവരങ്ങൾ നിയമവിധേയമല്ലാത്ത രീതിയിൽ ആർക്കും കൈമാറുന്നില്ല . പൊതു സമൂഹത്തിലുള്ള എല്ലാ ആൾക്കാർക്കും പോലീസ് സ്റ്റേഷനിലോ മറ്റ് പോലീസ് ഓഫീസുകളിലോ നേരിട്ടെത്താതെ ഇ -മെയിൽ വഴിയും 'തുണ' പോർട്ടൽ വഴിയും ഇപ്പോൾ പുതുതായി ആരംഭിച്ച 'POL APP' വഴിയും പരാതികൾ സമർപ്പിക്കാവുന്നതാണ് .

8-9) ശബ്ദമലിനീകരണത്തിനെതിരെ എസ്.എച്ച്.ഒ മാർക്ക് നടപടി സ്വീകരിയ്ക്കാൻ കഴിയും വിധം നിയമനിർമ്മാണം നടത്തുന്ന കാര്യവും എല്ലാ പോലീസ് സ്റ്റേഷനുകളിലും ശബ്ദതീവ്രത അളക്കുന്ന ഉപകരണം വാങ്ങുന്ന കാര്യവും പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

10) a-e) ശബ്ദമലിനീകരണം നടത്തുന്നവർക്കെതിരെ മത വ്യത്യാസമില്ലാതെ കർശന നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് . ആരാധനാലയങ്ങൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവ നടത്തി വരുന്ന പരിപാടികൾക്കായി രണ്ടു ബോക്സുകൾ മാത്രമേ പ്രവർത്തിക്കാവൂ എന്നും ശബ്ദ തീവ്രത ആവാസ മേഖലയിൽ 55 DB വരെയേ പാടുള്ളൂ എന്നും കർശന നിർദ്ദേശം നൽകിയാണ് അനുമതി നൽകി വരുന്നത്. പൊതുസ്ഥലങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടില്ലാത്തതും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കരുതെന്നും രാത്രി 10 മണിയ്ക്ക് ശേഷം ഉച്ചഭാഷിണി

**File No.HOME-F1/11/2020-HOME**

പ്രവർത്തിപ്പിക്കരുതെന്ന നിർദ്ദേശങ്ങൾ നൽകിയുമാണ് ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകി വരുന്നത്. എല്ലാ ആരാധനായങ്ങളിലും സ്ഥാപിച്ചിട്ടുള്ള കോളാമ്പികൾ ഇളക്കി മാറ്റുന്നതിന് നോട്ടീസ് നൽകുന്നതിനും എല്ലാ എസ് . എച്ച് . ഒ .മാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പൊതു സമൂഹത്തിലുള്ള എല്ലാ ആൾക്കാർക്കും പോലിസ് സ്റ്റേഷനിലോ മറ്റ് പോലീസ് ഓഫീസുകളിലോ നേരിട്ടെത്താതെ ഇ - മെയിൽ വഴിയും 'തുണ' പോർട്ടൽ വഴിയും ഇപ്പോൾ പുതുതായി ആരംഭിച്ച 'POL APP' വഴിയും പരാതികൾ സമർപ്പിക്കാവുന്നതാണ് . ലൈസൻസ് വ്യവസ്ഥയ്ക്ക് വിപരീതമായി പ്രവർത്തിക്കുന്ന വ്യക്തി / സ്ഥാപനം എന്നിവയ്ക്ക് എതിരെ നിയമനടപടി കൈക്കൊള്ളുന്നതാണ് . ശബ്ദമലിനീകരണം ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,
SYAM T K
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.